## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1576

21.01.2014-ലെ മറുപടിക്ക്

# നഗരസഭകളുടെ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ.ജി.സുധാകരൻ<br>ശ്രീ.കെ.ദാസൻ<br>ശ്രീ.ബി.സത്യൻ<br>ശ്രീമതി പി.അയിഷാ പോറ്റി | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ നഗരസഭകൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ;<br><br>ബി) സാമ്പത്തിക പ്രതിസന്ധിയുടെ കാരണങ്ങൾ എന്തെല്ലാം എന്നറിയിക്കാമോ ; | എ) & ബി) | ഉണ്ട്.<br>നഗരസഭകളുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ അവയുടെ തനത് വരുമാനത്തേക്കാൾ അധികരിയ്ക്കുന്നത് മൂലമാണ് സാമ്പത്തിക പ്രതിസന്ധി സംജാതമാകുന്നത്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിലും പരിപാലിക്കുന്നതിലും നഗരസഭകൾ പുലർത്തുന്ന അലംഭാവവും സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാണ്. കൂടാതെ നഗരസഭാ ജീവനക്കാരുടെ ശമ്പള - പെൻഷൻ ചെലവുകളും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. |
| സി) വിവിധയിനങ്ങളിലായി നഗരസഭകൾക്ക് സർക്കാർ നൽകേണ്ടുന്ന തുകയിൽ കുടിശ്ശിക ഉണ്ടോ ; വിശദാംശം നൽകാമോ ; | സി) | ഇല്ല. |
| ഡി) നഗരസഭകളുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് സർക്കാർതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ? | ഡി) | 2011 സെപ്റ്റംബർ മാസം സംസ്ഥാനത്തെ അഞ്ച് മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് ഒറ്റത്തവണ റോഡ് മെയിന്റനൻസ് ഗ്രാന്റായി 157.96 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ പുതുതായി രൂപീകരിക്കപ്പെട്ട 7 നഗരസഭകൾക്ക് 1 കോടി രൂപ വീതം നൽകിയിട്ടുണ്ട്. 2012 വർഷം നഗരസഭകൾക്ക് ഉപാധിരഹിത ഫണ്ടായി 50 ലക്ഷം രൂപ വീതം ആകെ 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2013-ൽ |

(...2)

ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി 70 കോടി രൂപ നഗരസഭകൾക്ക് അനുവദിച്ചിട്ടുണ്ട് ഇതിനുപുറമേ റോഡുകൾ തീരെ ശോച്യാവസ്ഥയിലുള്ള ചില നഗരസഭകൾക്ക് ഒറ്റത്തവണ റോഡ് മെയിന്റനൻസ് ഫണ്ട് അനുവദിയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നഗരസഭകളുടെ സാമ്പത്തിക ശേഷി മെച്ചപ്പെടുത്തുന്നതിനായി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുവാനും ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ